## പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : 1878 — 04.10.2011 -ൽ മറുപടിയ്ക്ക്

### കാവുകൾക്ക് ധനസഹായം നൽകുന്ന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി. സത്യൻ | ശ്രീ. കെ.ബി.ഗണേഷ് കുമാർ (വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) കാവുകൾക്ക് ധനസഹായം നൽകുന്ന പദ്ധതി പ്രകാരം എന്തു തുകയാണ് നൽകുന്നത്; അപേക്ഷ സ്വീകരിക്കുന്നത് ആരാണ്; | (എ) കാവുകൾക്ക് ധനസഹായം നൽകുന്ന പദ്ധതിയിൽ രണ്ടു തരത്തിലുള്ള സാമ്പത്തിക സഹായമാണ് നൽകിവരുന്നത്.<br>വിസ്തൃതിയുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുന്ന വലിയ കാവുകൾക്ക് ദീർഘകാല സംരക്ഷണത്തിനായി കാവുടമകൾ ബന്ധപ്പെട്ട സോഷ്യൽ ഫോറസ്ട്രി വിഭാഗം അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററുടെ നിർദ്ദേശ പ്രകാരം തയ്യാറാക്കിയ അംഗീകരിക്കപ്പെട്ട മൈക്രോപ്ലാനിൽ നിർദ്ദേശിച്ച ഇനങ്ങൾക്കാണ് സാമ്പത്തിക സഹായം നൽകിവരുന്നത്. സാമ്പത്തിക സഹായത്തിനായി പരിധി നിശ്ചയിച്ചിട്ടില്ല. പ്രാരംഭമായി വലിയ കാവുകൾക്ക് 20000/ രൂപയാണ് ഇപ്പോൾ നൽകിയിട്ടുള്ളത്. ആയത് കാവുടമകൾ വിനിയോഗിച്ചതിന് ശേഷം തുടർന്നുള്ള തുക വിതരണം ചെയ്യുന്നതായിരിക്കും.<br>തെരഞ്ഞെടുക്കുന്ന ചെറിയ കാവുകൾക്ക് പ്രത്യേക പ്രവർത്തനങ്ങൾക്കായി ഒറ്റത്തവണമാത്രം സാമ്പത്തിക സഹായം നൽകിവരുന്നു. പരമാവധി ഒരോ കാവിനും 10000/- രൂപ വരെയാണ് നൽകുന്നത്. |

കാവുസംരക്ഷണത്തിനുള്ള കാവുടമകളുടെ അപേക്ഷ അപേക്ഷകന്റെ ജില്ലയിലെ വനം വകുപ്പിന്റെ സോഷ്യൽ ഫോറസ്ട്രി വിഭാഗം അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസിലാണ് നൽകേണ്ടത്.

| | |
|---|---|
| (ബി) അപേക്ഷ നൽകുമ്പോൾ എന്തെല്ലാം വിവരങ്ങളാണ് നൽകേണ്ടതെന്ന് വിശദമാക്കാമോ ? | ബി) അപേക്ഷയുടെ മാതൃക അനുബന്ധം ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

1 ^ അനുബന്ധം
3

## കേരള വനം വകുപ്പ്

### കാവ് പുനരുദ്ധാരണ പദ്ധതിയുടെ അപേക്ഷ (മാതൃക)

1. കാവിൻെറ പേര് :

2. ജില്ല | താലൂക്ക് | റവന്യു വില്ലേജ്, ഗ്രാമ പഞ്ചായത്ത്

3. കാവിന്റെ വിസ്തൃതിയും സർവ്വെ നമ്പരും (സ്കെച്ച് ഉള്ളടക്കം ചെയ്യണം). :

4. അപേക്ഷിക്കുന്ന വ്യക്തിയുടെ /സ്ഥാപനത്തിന്റെ പേരും വിലാസവും :

5. കാവിന്റെ ഉടമസ്തതയോ ചുമതലയോ ഉണ്ടോയെന്ന് (ഉണ്ടെങ്കിൽ രേഖ ഉള്ളടക്കം ചെയ്യണം) :

6. കാവിന്റെ ഇപ്പോഴത്തെ ഉടമസ്ഥൻ :

7. കാവിന്റെ നിലവിലുള്ള അതിർത്തി മതിലോ, വേലിയോ കൊണ്ട് വേർതിരിച്ചിട്ടുണ്ടോ " :

8. കാവിനോട് ചേർന്ന് കൂടുതൽ ഭൂമി കാവിന്റെ വികസനത്തിന് നീക്കി വയ്ക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ? ഉണ്ടെങ്കിൽ എത്ര കൂടി ? :

9. കാവിന്റെ പുനരുദ്ധാരണ പരിപാടിയായി ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ് ? (അനുബന്ധമായി ചേർക്കുക) :

10. ഈ പ്രവർത്തനങ്ങളിൽ പൊതുജന പങ്കാളിത്തം ഉറപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും :

11. വനം വകുപ്പിൽനിന്ന് എത്ര രൂപ ധനസഹായം പ്രതീക്ഷിക്കുന്നു. :

12. ലഭിക്കുന്ന ധനസഹായംകൊണ്ട് എന്തെല്ലാം ചെയ്യാൻ ഉദ്ദേശിക്കുന്നു. :

13. കാവിലെ വൃക്ഷങ്ങളെയും സസ്യങ്ങളെയും കുറിച്ചുള്ള ലഘു വിവരണം. :

14. കാവിൽക്കാണുന്ന ജന്തുക്കളെയും ചെറുജീവികളെയും കുറിച്ചുള്ള ലഘു വിവരണം. :

15. കാവിനോട് അനുബന്ധിച്ച് കുളമോ നീർത്തടമോ ഉണ്ടെങ്കിൽ അതിലെ ജലജീവികളെക്കുറിച്ചുള്ള വിവരങ്ങൾ. :

16. ഈ കാവിന്റെ സംരക്ഷണത്തിന് വനം വകുപ്പിന്റെയോ മറ്റു സർക്കാർ ഏജൻസികളുടേയോ ഏതെങ്കിലും തരത്തിലുള്ള സഹായം നേരത്തെ ലഭിച്ചിട്ടുണ്ടോ ? (ഉണ്ടെങ്കിൽ വിശദവിവരം ഉള്ളടക്കം ചെയ്യണം)

സ്ഥലം:
തീയതി:

അപേക്ഷകന്റെ ഒപ്പും പേരും തസ്തികയും.